# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ആഗസ്റ്റ് 13, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

50 (*481) ട്രൈബൽ പ്ലസ് പദ്ധതി

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ച 'കേരള ട്രൈബൽ പ്ലസ്" പദ്ധതിയിലൂടെ 2020-21-ൽ 29252 കുടുംബങ്ങൾക്ക് 956123 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും പ്രസ്തുത വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതി നടത്തിപ്പിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ

രിതിയാണ് അവലംബിക്കുന്നതെന്നും വേതനം നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്കാണ് നൽകുന്നതെന്നും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കുന്നുണ്ടെന്നും നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ലഭിച്ച എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അഞ്ചുവർഷത്തിനുള്ളിൽ ആദിവാസി കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനം ഉറപ്പുവരുത്തുകയും ഇവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് നൂതന പദ്ധതികളാവിഷ്കരിക്കുകയും ചെയ്യുന്നതാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽനിന്ന് വിജയിച്ച കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യങ്ങളേർപ്പെടുത്തുകയും മുഴുവൻ ആദിവാസി കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കലാ-സാംസ്കാരിക-കായിക രംഗത്ത് ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് സജീവ ശ്രമങ്ങൾ നടത്തിവരികയാണ്. ആഗസ്റ്റ് 9 മുതൽ 15 വരെ ഗോത്രാരോഗ്യ വാരാചരണമായി ആചരിക്കാനും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

സമയബന്ധിതമായി പൂർത്തിയാക്കാനും ആദിവാസികൾക്ക് കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി നൽകാനും ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(ഡോളർ കടത്തുകേസ്സുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.

ചോദ്യകർത്താക്കൾ സഭയിലില്ലാതിരുന്നതിനാൽ നക്ഷത്രചിഹ്നമിട്ട 482-ാം നമ്പർ ചോദ്യം പരിഗണനയ്ക്കെടുത്തില്ല.)

51 (*483)<u>വനമേഖലയോട് ചേർന്നുള്ള തോട്ടം ഭൂമി ഏറ്റെടുക്കൽ</u>

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, വന്യജീവികൾ കൃഷിഭൂമിയിലിറങ്ങി നാശമുണ്ടാക്കുന്നതും മനുഷ്യ സാന്നിദ്ധ്യം വന്യജീവികൾക്ക് ഭീഷണിയാകുന്നതും കണക്കിലെടുത്ത് വനമേഖലയോട് ചേർന്നുള്ള സ്വകാര്യ എസ്റ്റേറ്റുകൾ അർഹമായ

നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള വനവികസന കോർപ്പറേഷന്റെ കീഴിൽ യൂക്കാലിപ്റ്റസ്, ചന്ദനം, മാഞ്ചിയം, കുമ്പിൾ, മഹാഗണി, മട്ടി, പൈൻ, കശുമാവ് തുടങ്ങിയ വിവിധ തോട്ടങ്ങൾ നിലവിലുണ്ടെന്നും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള മാനേജ്മെന്റ് പ്ലാനിന് വിധേയമായി വളർച്ചയെത്തിയ മരങ്ങൾ മുറിച്ചുമാറ്റി റീ-പ്ലാന്റിംഗ് നടത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ഫണ്ട് വിനിയോഗിച്ച് ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുകയും 'ഗ്രീൻ ഇന്ത്യ മിഷൻ' പദ്ധതിയുടെ ഭാഗമായി കൃഷിഭൂമിയിൽ ഇടവിളയായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും 'ഹരിത കേരളം' പദ്ധതി മുഖേന വൃക്ഷത്തൈകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പ് ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനും വന്യജീവി ആക്രമണങ്ങളുണ്ടാകുന്ന പ്രദേശങ്ങളിൽ പ്രത്യേക സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. വന്യമൃഗങ്ങൾക്ക് കാടിനുള്ളിൽത്തന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കുന്ന നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും മാതൃകാപരമായി വൃക്ഷപരിപാലനം നടത്തുന്ന വിദ്യാലയങ്ങൾക്കും

സ്ഥാപനങ്ങൾക്കും സംസ്ഥാനതല അവാർഡുകൾ നൽകുന്ന കാര്യം പരിഗണനയിലാണെന്നും വനസംരക്ഷണത്തിന് ഫലപ്രദമായ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

52(*484) <u>ഗ്രീൻ ക്ലീൻ ഹാർബർ പദ്ധതി</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ അന്താരാഷ്ട്രതലത്തിലേയ്ക്കുയർത്തുന്നതിന് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 44.50 കോടി രൂപയുടെ വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നീണ്ടകര ഫിഷിംഗ് ഹാർബറിൽ വരുന്ന ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി ബോട്ട് ബിൽഡിംഗ് യാർഡിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ബോട്ടുകളുടെ സർവ്വീസിംഗിനും ഇന്ധനം നിറയ്ക്കുന്നതിനും മറ്റുമായി ഫിംഗർ ജെട്ടികൾ നിർമ്മിക്കുന്നതിനും സൈറ്റ് കൈമാറിയിട്ടുണ്ട്. ശക്തമായ തിരമാലയിലും ചുഴലിക്കാറ്റിലും അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി

തീരത്തോട് അടുപ്പിക്കുന്നതിന് റെസ്ക്യൂ വാർഫ് പണിയുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമിക ചികിത്സ ലഭ്യമാക്കൽ, കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച് മുന്നറിയിപ്പ് നൽകൽ, അടിയന്തര യോഗം ചേരൽ എന്നിവയ്ക്കായി കെട്ടിടവും മറ്റ് അനുബന്ധസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടുന്ന പ്ലാസ്റ്റിക്കുകളും മറ്റ് പാഴ്‌വസ്തുക്കളും സംസ്കരിക്കുന്നതിനായി 'ശുചിത്വ സാഗരം' പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നീണ്ടകര ഫിഷിംഗ് ഹാർബറിൽ നടപ്പിലാക്കിയിട്ടുണ്ട്. കടലാക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഹാർബറുകളുടെ എണ്ണം വ്യവസ്ഥാപിതമായി കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എം.എൽ.എ.-മാരുടെ പങ്കാളിത്തത്തോടെ ഹാർബർ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മത്സ്യത്തിൽ മായം ചേർക്കൽ കണ്ടെത്തുന്നതിനും തടയുന്നതിനും കർശന നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.